# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 880 10.02.2016-ൽ മറുപടിക്ക്

**ജലഗുണ നിലവാര പരിശോധന ലാബുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>,, വർക്കല കഹാർ<br>,, ടി.എൻ. പ്രതാപൻ<br>,, കെ.എസ്.ശബരീനാഥൻ : | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. | ജലഗുണ നിലവാര പരിശോധനയ്ക്കായി ലാബുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; | എ. | ജല ഗുണ നിലവാര പരിശോധനയ്ക്കായി കേരള ജലഅതോറിറ്റിയുടെ കീഴിൽ നിലവിൽ 33 സബ് ഡിവിഷണൽ ലാബുകളും 14 ജില്ലാ ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ച വരുന്നുണ്ട്. ഇതിനു പുറമെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് മൊബൈൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br>കൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ജലഗുണനിലവാര പരിശോധനയ്ക്കായി 31 സബ് ഡിവിഷണൽ ലാബുകൾ പുതിയതായി ആരംഭിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ബി. | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി. | സംസ്ഥാനത്ത് ജനങ്ങളുപയോഗിക്കുന്ന കുടിവെള്ളം പൂർണ്ണമായും സുരക്ഷിത മാണെന്ന് ഉറപ്പു വരുത്തുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഇതിനായി സംസ്ഥാനത്തെ എല്ലാ കുടിവെള്ള സ്രോതസ്സുകളും നിരന്തര ഗുണ പരിശോധനയ്ക്കു വിധേയമാക്കി |

| | | | |
|---|---|---|---|
| | | | ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്. കൂടാതെ പൊതുജനങ്ങൾക്ക് കുടിവെള്ള പരിശോധനക്കായുള്ള സൗകര്യം ലഭ്യമാക്കാനും ലക്ഷ്യമിടുന്നുണ്ട്. |
| സി. | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | സി. | ഗുണനിലവാര പരിശോധന ലാബുകൾ ആവശ്യമായ സ്ഥലങ്ങൾ നിശ്ചയിച്ച്, പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാർ വഴി കേന്ദ്ര സർക്കാരിന്റെ പദ്ധതി അനുമതി കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇപ്രകാരം അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് തുടർന്ന് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നിർവ്വഹണത്തിനാവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ